ഉത്തരം

(എ)&(ബി) ഓരോ വിഭാഗത്തിനും വ്യത്യസ്ത നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. 1/10/94 മുതൽ നടപ്പാക്കിയ താരിഫ് നിരക്ക് അനുബന്ധം †ആയി വച്ചിട്ടുണ്ട്.

(1908) പ്രതിദിന വൈദ്യുതി ഉല്പാദനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രതിദിന ഉല്പാദനം എത്ര യൂണിറ്റാണ്;

(ബി) ഇതിൽ ജല-താപ-ഡീസൽ എന്നിവ മുഖേനയുള്ള ഉല്പാദനം എത്ര വീതമാണ്;

(സി) സംസ്ഥാനത്തിന്റെ പ്രതിദിന ആവശ്യം ഗാർഹിക, പാർപ്പിട, വ്യാവസായിക ഇനങ്ങളിലായി എത്രയാണ്;

(ഡി) ജല-താപ-ഡീസൽ വൈദ്യുതിയുടെ ഒരു യൂണിറ്റ് ഉല്പാദന ചെലവ് എത്രയാണ്;

(ഇ) പ്രസരണനഷ്ടം വഴി എത്ര യൂണിറ്റ് വൈദ്യുതി പാഴാകുന്നു എന്ന് വെളിപ്പെടുത്തുമോ;

(എഫ്)വൈദ്യുത ബോർഡിന്റെ നാളിതുവരെയുള്ള കടബാദ്ധ്യത, നഷ്ടം എന്നിവ എത്രയാണെന്ന് വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശരാശരി 25 ദശലക്ഷം യൂണിറ്റ്.

(ബി) ജലവൈദ്യുതി - 18.25 ദശലക്ഷം യൂണിറ്റ്
താപവൈദ്യുതി - 2.55 ദശലക്ഷം യൂണിറ്റ്
എൻ.ടി.പി.സി. - 3.50 ദശലക്ഷം യൂണിറ്റ്

(സി) 16-ാം പവർ സർവേ പ്രകാരം 1999-2000-ാമാണ്ടിൽ സംസ്ഥാനത്തിന്റെ പ്രതിദിന ആവശ്യം ഗാർഹികം - 12.1 ദശലക്ഷം യൂണിറ്റും വ്യാവസായികം - 10.37 ദശലക്ഷം യൂണിറ്റും ആയി കണക്കാക്കിയിരിക്കുന്നു.

(ഡി) ജലവൈദ്യുതി ഉല്പാദന ചെലവ് (ഒരു യൂണിറ്റിന്) 17.18 പൈസ. താപവൈദ്യുതി (ബ്രഹ്മപുരം)-411 പൈസ. എൻ.ടി.പി.സി. പൂർണ്ണമായി പ്രവർത്തിച്ചുതുടങ്ങുമ്പോൾ ആവശ്യപ്പെടുന്നത് - 419 പൈസ.

(ഇ) സംസ്ഥാനത്തെ പ്രതിദിന പ്രസരണ-വിതരണ നഷ്ടം 5.429 ദശലക്ഷം യൂണിറ്റാണ്.

(എഫ്) 30.11.1999-ൽ ബോർഡിന്റെ കടം 3287.92 കോടി രൂപയാണ്. വിശദാംശം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly